(ബി) വിചാരണ പൂർത്തിയായി പ്രതികൾ ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം-11

ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം-19

(സി) 593 കേസുകളിൽ ഇനിയും അന്വേഷണം പൂർത്തിയാക്കുവാനും 593 പ്രതികളെ പിടികൂടുവാനുമുണ്ട്.

(ഡി) 176 പ്രതികളെ വിട്ടയച്ചിട്ടുണ്ട്.

തോട്ടപ്പള്ളി പോലീസ് എയ്ഡ് പോസ്റ്റ്

228 (3740) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളിയിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടും ഇതുവരെ പ്രവർത്തനക്ഷമമാക്കുവാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിട സൗകര്യം നൽകണമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത എയ്ഡ് പോസ്റ്റ് സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടോയ്ലറ്റ് സൗകര്യത്തോടുകൂടിയുള്ള സൗകര്യപ്രദമായ കെട്ടിടം ലഭ്യമാകാതിരുന്നതിനാലാണ് തോട്ടപ്പള്ളി പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കാതിരുന്നത്.

(ബി) ഇല്ല.

(സി) സൗകര്യപ്രദമായ കെട്ടിടം ലഭിക്കുന്നമുറയ്ക്ക് മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ

229 (3741) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ കൊലപാതകം, രാഷ്ട്രീയ കൊലപാതകം, കവർച്ച, സ്ത്രീ പീഡനം, ബലാത്സംഗം, കൊള്ളയടിക്കൽ, കുട്ടികളെ പീഡിപ്പിക്കൽ, ആരാധനാലയ കവർച്ചകൾ, മോഷണങ്ങൾ, കവർച്ചയ്ക്കിടെയുള്ള കൊലപാതകം, ആത്മഹത്യ എന്നീ ഓരോ വിഭാഗത്തിലും എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2694854 എണ്ണം.

(ബി)

കൊലപാതകം	-	1561
രാഷ്ട്രീയ കൊലപാതകം	-	31
കവർച്ച	-	3849
സ്ത്രീ പീഡനം	-	59309
ബലാത്സംഗം	-	5512
കൊള്ളയടിക്കൽ	-	13374
കുട്ടികളെ പീഡിപ്പിക്കൽ	-	8107
ആരാധനാലയ കവർച്ച	-	1067
മോഷണങ്ങൾ	-	18680
കവർച്ചയ്ക്കിടെയുള്ള കൊലപാതകം	-	100
ആത്മഹത്യ	-	38268

ശബരിമലയിൽ ഭണ്ഡാര പണം മോഷണം

230 (3742) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഭണ്ഡാര പണം മോഷണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിന് മുമ്പ് പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാകുമോ ;

(സി) അടുത്തിടെ നടന്ന മോഷണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly